## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 427 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## ഗ്രാമീണ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ഗ്രാമീണ റോഡുകളുടെ നിർമ്മാണമടക്കമുള്ള പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഗ്രാമീണ റോഡുകളുടെ നിർമ്മാണമടക്കമുള്ള പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയിലെ 243 ജി പ്രകാരം പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ള സേവനങ്ങളിൽ റോഡു നിർമ്മാണ പ്രവൃത്തികളും ഉൾപ്പെടുന്നതിനാൽ ചരക്കുസേവന നികുതി ബാധകമല്ല. എന്നാൽ ടി റോഡുനിർമ്മാണം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുമ്പോൾ പഞ്ചായത്ത് സ്വീകരിക്കുന്ന സേവനങ്ങൾക്ക് നികുതി ബാധകമാണ്. |
| (ബി) | മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി ട്രഷറിയിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറ്റിനൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തിയാക്കി 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തി നൽകി വരുന്നുണ്ട്. |
| (സി) | മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ തുകകൾ ട്രഷറികളിൽ നിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മുൻവർഷങ്ങളിൽ അനുമതി ലഭിച്ച് നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബിൽ തുകകൾ ട്രഷറികളിൽ നിന്ന് അനുവദിക്കുന്നതിന് 12.04.2019 ലെ സ.ഉ(സാധാ) നം.3002/2019/ധന ഉത്തരവ് പ്രകാരം ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ